©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം, ഞായർ<br>Thiruvananthapuram, Sunday | 2015 ജനുവരി 25<br>25th January 2015<br>1190 മകരം 11<br>11th Makaram 1190<br>1936 മാഘം 5<br>5th Magha 1936 | നമ്പർ<br>No. | 186 |

## കേരള സർക്കാർ

തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്

### വിജ്ഞാപനം

നമ്പർ ഇഎം 3/13(8)/2014/തസ്വഭവ. *തിരുവനന്തപുരം, 2015 ജനുവരി, 25 / 1190 മകരം, 11.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും (2)-ാം ഉപവകുപ്പ് (ബി), (സി), (ഇ) എന്നീ ഖണ്ഡങ്ങളും പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ടും 1994 ഏപ്രിൽ 22-ാം തീയതിയിലെ സ. ഉ. (എംഎസ്) 92/94/എൽ.എ.ഡി. നമ്പർ ആയി പുറപ്പെടുവിച്ചതും 1994 ഏപ്രിൽ 22-ാം തീയതിയിലെ 361-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 478/94-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം V ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ടും

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2015.

33/344/2015/S-23.

താഴെ പട്ടികയിലെ (1)-ാം കോളത്തിൽ പറയുന്ന ജില്ലയിലെ (2)-ാം കോളത്തിൽ പറയുന്ന പ്രദേശത്തെ മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ഒഴിവാക്കിക്കൊണ്ടും പ്രസ്തുത പ്രദേശങ്ങളും (3)-ാം കോളത്തിൽ പറയുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്തെയും സംയോജിപ്പിച്ചുകൊണ്ട് പ്രത്യേകം മുനിസിപ്പാലിറ്റിയായി 2015 നവംബർ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി (4)-ാം കോളത്തിൽ പറയുന്ന മുനിസിപ്പാലിറ്റി രൂപീകരിക്കുവാനും അതിന് (5)-ാം കോളത്തിൽ പറഞ്ഞിരിക്കുന്ന ആസ്ഥാനം നിശ്ചയിക്കുവാനും കേരള സർക്കാർ ഉദ്ദേശിക്കുന്ന വിവരം ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ ഈ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പതിനഞ്ച് ദിവസം തികയുന്ന തീയതിക്കോ അതിനുശേഷമോ പരിഗണനയ്ക്കെടുക്കുന്നതാണെന്നും, പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തികളിൽ നിന്നോ, ഗ്രാമപഞ്ചായത്തുകളിൽ നിന്നോ, മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നോ ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സർക്കാർ പരിഗണനയ്ക്കായി എടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അത്തരം ആക്ഷേപങ്ങളും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് (അനക്സ്), തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ മേൽപ്പറഞ്ഞ തീയതിയ്ക്കകം അയച്ചുതരേണ്ടതാണ്.

പട്ടിക

| ജില്ല | മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും ഒഴിവാക്കപ്പെടുന്ന പ്രദേശങ്ങളുടെ പേരുവിവരം | കോളം (2)-ലെ പ്രദേശത്തോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്തിന്റെ പേരുവിവരം | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ പേരുവിവരം | പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിറ്റിയുടെ ആസ്ഥാനം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| കോഴിക്കോട് | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ<br>വാർഡ്-1 (എലത്തൂർ)<br>വാർഡ്-2 (ചെട്ടികുളം)<br>വാർഡ്-3 (എരഞ്ഞിക്കൽ)<br>വാർഡ്-4 (പുത്തൂർ)<br>വാർഡ്-5 (മൊകവൂർ)<br>വാർഡ്-75 (പുതിയാപ്പ)<br>(മുൻ എലത്തൂർ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശം) | തലക്കുളത്തൂർ | എലത്തൂർ | എലത്തൂർ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജെയിംസ് വർഗ്ഗീസ്,**
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*